Draft #7 of File 13159/AC A1-1/2020/AC A 1 (PART-III) Approved by ASSISTANT REGISTRAR I (ACADEMIC) on 14-Jan-2021 12:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിലേക്കായി ബന്ധപ്പെട്ട കോളേജ് മാനേജർ, പ്രിൻസിപ്പാൾ എന്നിവരെ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ തീരുമാനിച്ചുക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 291/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം.3251/AcA1/2020/എം.ജി.യു തീയതി 16.07.2020

2. 31.12.2020 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 86/20.06/13159/ACA1/1/2020 (Part III)

**ഉത്തരവ്**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാൾമാർ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ പരിഗണിച്ച് പരിശോധന സമിതികൾ കോളേജുകളുടെ പഠന-ഭൗതിക സൗകര്യങ്ങൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് സ്വാശ്രയ കോഴ്സുകളുടെ അഫിലിയേഷൻ നീട്ടി നൽകുന്നതിലേക്കായി കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ എന്നിവർ അടിയന്തിരമായി അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ തീരുമാനിച്ചുക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സിൻഡിക്കേറ്റ് പുനഃസംഘടിപ്പിച്ചത് മൂലം ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ എന്നിവരെ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗ് നടത്തുവാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് പരാമർശം (2) പ്രകാരം 31.12.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു.

2020-21 അദ്ധ്യയന വർഷം ഉൾപ്പടെ എയ്ഡഡ് കോളേജുകയിൽ നടത്തപ്പെടുന്ന സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ പുതുക്കുന്നതിനായി താഴെ പറയുന്ന കോളേജുകളിലെ കോളേജ് പ്രിൻസിപ്പാൾ, മാനേജർ എന്നിവർ 2021 ജനുവരി 19,20,21 എന്നീ തീയതികളിൽ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹാജരാകുന്നതിന് നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചു.

1. **ബിഷപ്പ് കുര്യാലച്ചേരി കോളേജ് ഫോർ വുമൺ, അമലഗിരി.**
2. **സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ.**
3. **ദേവമാതാ കോളേജ്, കുറവിലങ്ങാട്**
4. **യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ**

5. മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി
6. ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര
7. സെന്റ് ജോർജ്സ് കോളേജ്, അരുവിത്തുറ
8. മാർത്തോമാ കോളേജ് ഫോർ വുമൺ, പെരുമ്പാവൂർ
9. സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
10. കുര്യാക്കോസ് ഏലിയാസ് കോളേജ്, മാന്നാനം
11. എം.ഇ.എസ് കോളേജ്, മാറംപ്പള്ളി
12. നിർമല കോളേജ്, മുവാറ്റുപുഴ
13. ശ്രീ ശങ്കര കോളേജ്, കാലടി
14. ബി.എ. എം കോളേജ്, തുരുത്തിക്കാട്
15. കാത്തോലിക്കറ്റ് കോളേജ്, പത്തനംതിട്ട
16. അകിനാസ് കോളേജ്, ഇടക്കൊച്ചി

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. അഫിലിയേഷൻ കമ്മിറ്റി അംഗങ്ങൾ
3. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ
4. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ

5.ജെ ആർ /ഡി ആർ / ഏ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)

6. എസി.സി1 /എസി.സി2/എ.റ്റി.ആർ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി

8.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 13159/AC A1-1/2020/AC A 1 (PART-III) Approved by ASSISTANT REGISTRAR I (ACADEMIC) on 14-Jan-2021 12:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം